**"ഭരണഭാഷ മാതൃഭാഷ"**

സി.ബി(1)16156/18

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി, 28.02.2019

Website: www.cooperation.kerala.gov.in
Email : keralarcs.coop@kerala.gov.in
Phone No.0471-2330825

## സർക്കുലർ നമ്പർ – 10/19

വിഷയം:- സഹകരണ വകുപ്പ്- സഹകരണ നിക്ഷേപ സമാഹരണയജ്ഞം 2019 – ക്യാമ്പയിൻ – സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ സ്വീകരിക്കുന്ന സ്ഥിര നിക്ഷേപങ്ങൾക്ക് നൽകാവുന്ന പരമാവധി പലിശനിരക്ക് പുതുക്കി നിശ്ചയിച്ച് നിർദ്ദേശം പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്.

സൂചന :- സഹകരണ സംഘം രജിസ്ട്രാറുടെ 24.01.2019 ലെ 4/19 നമ്പർ സർക്കുലർ.

..........

39-)മത് സഹകരണ നിക്ഷേപ സമാഹരണയജ്ഞം 2019 മാർച്ച് 1 മുതൽ 2019 മാർച്ച് 31 വരെ സംഘടിപ്പിക്കുന്നതിന് നിശ്ചയിച്ചിരിക്കുകയാണ്. സംസ്ഥാന സഹകരണ മേഖലയ്ക്ക് ശക്തമായ അടിത്തറപാകുന്നതിന് കഴിഞ്ഞകാല നിക്ഷേപ സമാഹരണയജ്ഞങ്ങൾ വഹിച്ചിട്ടുള്ള പങ്കും, നിക്ഷേപ സമാഹരണയജ്ഞ കാലഘട്ടത്തിൽ ആകർഷകമായ പലിശനിരക്ക് നിശ്ചയിച്ച് നൽകാറുള്ള സാഹചര്യവും, കണക്കിലെടുത്ത് നിക്ഷേപ സമാഹരണ കാലയളവിൽ സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളും/ബാങ്കുകളും സ്വീകരിക്കുന്ന സ്ഥിരനിക്ഷേപങ്ങൾക്ക് നൽകാവുന്ന പരമാവധി പലിശ നിരക്കുകൾ ശതമാന കണക്കിൽ 01.03.2019 മുതൽ പുതുക്കി നിശ്ചയിച്ച് നിർദ്ദേശം പുറപ്പെടുവിക്കുന്നു.

| ക്രമ നം. | നിക്ഷേപങ്ങളുടെ കാലാവധി | സർവ്വീസ് സഹകരണ ബാങ്കുകൾ/അർബൻ സഹകരണ സംഘങ്ങൾ/റീജിയണൽ റൂറൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് എംപ്ലോയീസ് സഹകരണ സംഘങ്ങൾ/അഗ്രിക്കൾച്ചറൽ ഇംപ്രൂമെന്റ് സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള എല്ലാ പ്രാഥമിക സഹകരണ സംഘങ്ങളും. |
|---|---|---|
| | | പുതുക്കിയത് |
| 1 | 15 ദിവസം മുതൽ 45 ദിവസം വരെ | 6.25 |
| 2 | 46 ദിവസം മുതൽ 90 ദിവസം വരെ | 7.00 |
| 3 | 91 ദിവസം മുതൽ 179 ദിവസം വരെ | 7.50 |
| 4 | 180 ദിവസം മുതൽ 364 ദിവസം വരെ | 8.00 |
| 5 | 1 വർഷം മുതൽ 2 വർഷത്തിന് താഴെ വരെ | 8.50 |
| 6. | 2 വർഷവും അതിനു മുകളിലും | 8.25 |

മേൽ നിരക്കുകൾക്കു പുറമേ മുതിർന്ന പൗരന്മാരുടെ സ്ഥിര നിക്ഷേപങ്ങൾക്ക് പരമാവധി ½% നിരക്കിൽ അധിക പലിശ നൽകേണ്ടതാണ്.

സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കുകളുടെയും നിക്ഷേപ നിരക്കുകൾ നിക്ഷേപ സമാഹരണ കാലയളവിൽ മാറ്റമില്ലാതെ തുടരേണ്ടതാണ്. (സൂചന സർക്കുലർ പ്രകാരമുള്ളത്)

പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ എന്നിവ ജില്ലാ സഹകരണ ബാങ്കുകളിൽ നടത്തുന്ന നിക്ഷേപങ്ങൾക്ക് പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ അവരുടെ നിക്ഷേപകർക്ക് നൽകുന്ന നിരക്കിൽ പലിശ ജില്ലാ സഹകരണ ബാങ്ക് നൽകേണ്ടതാണ്.

സേവിംഗ് ബാങ്ക് നിക്ഷേപങ്ങൾക്ക് നിശ്ചയിച്ച നൽകിയിരുന്ന പലിശനിരക്ക് മാറ്റമില്ലാതെ തുടരുന്നതാണ്. സ്ഥിര നിക്ഷേപങ്ങൾക്ക് സഹകരണ സംഘം രജിസ്ട്രാർ നിശ്ചയിച്ച നൽകുന്ന നിരക്കുകളിൽ അധികരിച്ച നിരക്കിൽ പലിശ നൽകുന്നത് ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ ടി സംഘങ്ങളുടെ/ബാങ്കുകളുടെ നിക്ഷേപം സ്വീകരിക്കുന്നതിനുള്ള അധികാരം റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ടി സർക്കുലർ നിർദ്ദേശങ്ങൾ നിക്ഷേപ സമാഹരണയജ്ഞ കാലയളവിലേക്ക് മാത്രം ബാധകമായിരിക്കും. നിക്ഷേപ സമാഹരണം അവസാനിക്കുന്ന തീയതി മുതൽ 04/19 നമ്പർ സർക്കുലർ വ്യവസ്ഥ വീണ്ടും പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

(ഒപ്പ്)
എസ്.ഷാനവാസ്.ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ.

1. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
2. സെക്രട്ടറി, നിയമസഭാ സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.
3. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
4. ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകളും.
5. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും.
6. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും.
7. ജോയിന്റ് ഡയറക്ടർ/സമകാലീന ആഡിറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്കും, ജില്ലാ സഹകരണ ബാങ്കുകളും.
8. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും, (എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
9. എല്ലാ അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും. (ജില്ലാ ജോയിന്റ് ഡയറക്ടർ ആഡിറ്റ മുഖേന)
10. എല്ലാ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, സർവ്വീസ് സഹകരണ ബാങ്കുകൾ. (എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
11. ചീഫ് ജനറൽ മാനേജർ, നബാർഡ്, കേരള റീജീയണൽ ഓഫീസ് തിരുവനന്തപുരം.
12. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്.
13. സഹകരണ ആഡിറ്റ് ഡയറക്ടർ, ആഡിറ്റ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.
14. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം.
15. സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ എല്ലാ ആഫീസർമാർക്കും, സെക്ഷൻ സൂപ്രണ്ടുമാർക്കും.
16. എഡിറ്റർ സഹകരണ വീഥി
17. വെബ് സൈറ്റ്
18. സ്റ്റോക്ക് ഫയൽ
19. സ്പെയർ.

//ആജ്ഞാനുസരണം//

Reeja.

അസിസ്റ്റന്റ് രജിസ്ട്രാർ (സി.ബി)(I/c)